(എ) റാന്നി നിയോജകമണ്ഡലത്തിൽപ്പെട്ട സീതത്തോട്, ചിറ്റാർ, വെച്ചൂച്ചിറ, പെരുനാട് വടശ്ശേരിക്കര എന്നീ പഞ്ചായത്തുകളിൽ നൂറു കണക്കിന് വീടുകൾക്ക് പഞ്ചായത്തു നമ്പർ കൊടുത്തതിനാൽ എന്യൂമറേഷൻ നടത്തിയിട്ടില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യം അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഐ. പി. എസ്., ഐ. എഫ്. എസ്., ഐ. എ. എസ് ഉദ്യോഗസ്ഥൻമാർ

34. [52] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഐ.പി.എസ്., ഐ. എഫ്. എസ്., ഐ.എ.എസ്. എന്നീ ഓരോ കേഡറുകളിലുമായി ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻമാരുടെ എണ്ണം എത്രയായിരുന്നു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1986 സെപ്റ്റംബർ 30 വരെ ഐ. പി. എസ്., ഐ. എഫ്. എസ്., ഐ. എ. എസ്. എന്നീ കേഡറുകളിൽ എത്ര തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനുവേണ്ടി വർഷംപ്രതി വേണ്ടിവരുന്ന അധികച്ചെലവ് എത്ര ?

ഉത്തരം

(എ)

	അംഗീകൃത സംഖ്യ	നിലവിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻമാരുടെ എണ്ണം
ഐ.എ.എസ്.	160	132
ഐ. പി.എസ്.	93	80
ഐ.എഫ്.എസ്.	68	45

(ബി) ഈ സർവ്വീസുകളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നാൽ ചില ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ വേണ്ടി താൽക്കാലിക നിയമനം നടത്തുന്നതിനുവേണ്ട തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാന സർക്കാർ അനുവദിച്ച താൽക്കാലിക തസ്തികകളുടെയും കേന്ദ്രസർക്കാർ അനുവദിച്ച സ്ഥിരം തസ്തികകളുടെയും മൊത്തം എണ്ണം താഴെ കാണിച്ചിരിക്കുന്നു.

ഐ.എ.എസ്.	49
ഐ. പി. എസ്.	25
ഐ. എഫ്. എസ്.	9

(സി) ഓരോ സർവ്വീസിലുമുള്ള ഉദ്യോഗസ്ഥൻമാരുടെ എണ്ണം ആ സർവ്വീസിലേയ്ക്കുള്ള മൊത്തം അംഗീകൃത സംഖ്യയിൽ കൂടുന്നില്ല. കൂടാതെ മൂന്നു സർവ്വീസിലും വേണ്ടത്ര ഉദ്യോഗസ്ഥൻമാരില്ലാതെ പ്രവർത്തനും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഓരോ ഉദ്യോഗസ്ഥന്റെയും സേവനം മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി തസ്തികകൾ ക്രമീകരിക്കുക മാത്രമാണ് സംസ്ഥാന സർക്കാരിന് ചെയ്യാൻ സാധിക്കുന്നത്. ആയതിനാൽ അധികചെലവുണ്ടായിട്ടുണ്ടെന്നു പറയാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly